# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടവരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥന-Bad habit




### ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടവരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥന

സർവ്വശക്തനും പിതാവുമായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിക്കുകയും പാപം മൂലം അധ:പതിച്ച മനുഷ്യകുലത്തെ രക്ഷിക്കാൻ വേണ്ടി തന്റെ തിരുക്കുമാരനെ അയയ്ക്കുകയും ചെയ്ത സ്നേഹത്തെ ഓർത്ത് അങ്ങേക്ക് ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോയിലൂടെ ഞങ്ങളെ മാനസാന്തരത്തിലേക്ക ക്ഷണിക്കുകയും നിത്യജീവിതത്തിലേക്കാനയിക്കുകയും ചെയ്ത കർത്താവേ... എന്ന ദു:ശ്ശീലത്തിന്റെ/തിന്മയുടെ അടിമയായിരിക്കുന്ന (പേര് പറയുക) എന്ന സഹോദരന്റെ / സഹോദരിയുടെ മേൽ കരുണയുണ്ടായിരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾ നശിക്കും എന്നരുളിച്ചെയ്തുകൊണ്ട് പാപവും പാപസാഹചര്യങ്ങളും വിട്ടകലുവാൻ ആഹ്വാനം ചെയ്ത കർത്താവേ, തിന്മയെയും അതിന്റെ സാഹചര്യങ്ങളെയും ഉപേക്ഷിക്കാൻ ആവശ്യമായ എല്ലാ കൃപകളും കൊണ്ട് ഈ സഹോദരനെ/സഹോദരിയെ അനുഗ്രഹിക്കണമേ. അങ്ങയുടെ പ്രിയപുത്രൻ സഹിച്ച പാടുപീഡകളെയും കുരിശു മരണത്തെയും ഓർത്ത് തിന്മയുടെ എല്ലാ ബന്ധനങ്ങളിലും നിന്ന് ഈ സഹോദരനെ/സഹോദരിയെ മോചിപ്പിക്കുകയും അങ്ങയുടെ തിരുക്കുമാരനായ ഈശോയേയും അവിടത്തെ ആത്മാവിനെയും സ്വീകരിക്കുവാൻ തക്കവിധം ഇയാളുടെ ഹൃദയത്തെ തുറക്കുകയും ചെയ്യണമേ. പാപമോചനത്തിനായി അവിടന്ന് കുരിശിൽ ചിന്തിയ തിരുരക്തം തളിച്ച് ഇയാളെ വിശുദ്ധീകരിക്കുകയും എല്ലാവിധ പൈശാചികശക്തിയിൽ നിന്നും, പാപഫലങ്ങളിൽ നിന്നും അവിടുത്തെ വി.കുരിശിന്റെ ശക്തിയാൽ രക്ഷിക്കുകയും ചെയ്യണമേ.

അങ്ങേ പ്രിയപുത്രനായ ഈശോയിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകുവാനുള്ള വരം നൽകിയിരിക്കുന്ന ദൈവമേ, ഈശോയിൽ വിശ്വസിക്കുവാനും, അവിടത്തെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ദൈവമായ അങ്ങയെ പിതാവേ എന്നു വിളിക്കുവാനും ഇയാളെ അനുഗ്രഹിക്കണമേ. അങ്ങനെ ഞങ്ങളെല്ലാവരും ഒത്തൊരുമിച്ച് അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുവാനും അങ്ങയെ മഹത്വപ്പെടുത്തുവാനും ഞങ്ങൾക്കിടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ ആമ്മേൻ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

തിരുവചനം

തങ്ങളുടെ ദുഷ്ടതയിൽ നിന്ന് അവർ പിൻതിരിഞ്ഞു എന്നു കണ്ട് ദൈവം മനസ്സുമാറ്റി. അവരുടെ മേൽ അയയ്ക്കുമെന്നു പറഞ്ഞ തിന്മ

അയച്ചില്ല (യോനാ 3:10).

കാർമേഘം പോലെ നിന്റെ തിന്മകളേയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചുനീക്കി. എന്നിലേക്കു തിരിച്ചുവരുക, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശയ്യാ 44:22).

തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല. അവ ഏറ്റുപറഞ്ഞ് പരിത്യജിക്കുന്നവന് കരുണ ലഭിക്കും (സുഭാഷിതങ്ങൾ 28:13).

കർത്താവ് അരുളിചെയ്യുന്നു ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ (ജോയേൽ 2:.12).

+++